(സി) രജിസ്ട്രേഷൻ ഫീസ് ഉയർത്തിയിട്ടില്ല. കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് വിലയുടെ 1% എന്നതിനു വിധേയമായി പരമാവധി 25,000 രൂപ ആയിരുന്നത്, 25,000 രൂപ എന്ന പരിധി ഒഴിവാക്കി വിലയുടെ 1% ആയി ഭേദഗതി വരുത്തുകമാത്രമാണ് ചെയ്തിട്ടുള്ളത്.

ഇളവ് അനുവദിച്ചതു മൂലം സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പരിധി മാറ്റിയിട്ടുള്ളത്.

ആധാരം എഴുത്ത് മേഖലയിൽ അശാസ്ത്രീയമായ കമ്പ്യൂട്ടർവൽക്കരണം

258(3183) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരം എഴുത്ത് മേഖലയിൽ പുതിയതായി ഏർപ്പെടുത്തിയ അശാസ്ത്രീയമായ കമ്പ്യൂട്ടർവൽക്കരണവും ഓൺലൈൻ സമ്പ്രദായവും ഇവരുടെ തൊഴിലിനെ ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ കുടുംബങ്ങളെ വഴിയാധാരമാക്കുന്ന പരിഷ്കാരത്തിൽ നിന്നും പിന്തിരിയാൻ സർക്കാർ ശ്രമിക്കുമോ ;

(സി) കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എത്ര തുകയാണ് കഴിഞ്ഞ വർഷങ്ങളിൽ ചെലവഴിച്ചിട്ടുള്ളത് ; ഏത് ഏജൻസിയാണ് ഇത് ഏറ്റെടുത്ത് നടത്തുന്നത് ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഏർപ്പെടുത്തിയ കമ്പ്യൂട്ടർവൽക്കരണ പരിപാടികൾ ആധാരമെഴുത്ത് ലൈസൻസികളുടെ തൊഴിലിനെ ബാധിക്കുമെന്നുള്ള ചില പരാതികൾ ആധാരമെഴുത്ത് ലൈസൻസികളിൽ നിന്നും ആധാരമെഴുത്ത് ലൈസൻസികളുടെ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഇടപാടുകൾ പൂർണ്ണമായി ഓൺലൈൻ പദ്ധതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. രജിസ്ട്രേഷൻ വകുപ്പിൽ ആധാരം എഴുത്തുകാരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള പരിഷ്കാരങ്ങളാണ് നടപ്പിലാക്കി വരുന്നത്. രജിസ്ട്രേഷൻ സംബന്ധമായ സേവന പ്രദാനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ആധാരമെഴുത്തുകാർക്കുകൂടി പങ്കാളിത്തം ലഭിക്കുന്ന രീതിയിലുള്ള പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ സേവനങ്ങൾ നൽകുക എന്നതാണ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ലക്ഷ്യം.

(സി) രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിന് നാളിതുവരെ 549.31 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. കമ്പ്യൂട്ടർവൽക്കരണത്തിന്റെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) ആണ്.

ബാലുശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം

259(3184) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷനും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി സബ്ബ് രജിസ്ട്രാർ ഓഫീസ് ദീർഘകാലമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കെട്ടിടത്തിന് നൽകിവരുന്ന പ്രതിവർഷ വാടകത്തുക എത്രയാണെന്നറിയിക്കാമോ ;

(സി) പ്രസ്തുത രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ആഫീസിന്റെ പ്രതിവർഷ വാടകത്തുക 1,30,260 രൂപയാണ്.

(സി) ഇല്ല.

രജിസ്ട്രേഷൻ വകുപ്പിൽ മോഡേണൈസേഷൻ

260(3185) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷനും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ ആസ്ഥാനത്ത് I.G (മോഡേണൈസേഷൻ) എന്ന തസ്തിക നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത തസ്തിക നിലവിൽ വന്നത് എന്നു മുതലാണ് ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly